4	ഡോ. രാജൻ ഖോബ്രാഗഡെ	സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5	ഡോ. അമിത് മല്ലിക്	ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം
6	ശ്രീ. സഞ്ജയൻ കുമാർ	ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്
7	ശ്രീ. അജിത് പാട്ടീൽ	ജില്ലാ കളക്ടർ, ഇടുക്കി
8	ശ്രീ. എം. റ്റി. തോമസ്	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഇടുക്കി
9	ശ്രീ. എൽദോസ് കുന്നപ്പള്ളി	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എറണാകുളം.

പ്രസ്തുത യാത്രയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കാൻ സഹായിക്കുന്ന, ഐക്യരാഷ്ട്ര സഭയുടെ ഘടക സംഘടനയായ യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം ആണ് ഈ സന്ദർശനത്തിന്റെ ചെലവ് വഹിച്ചത്.

സംരക്ഷിത വനപ്രദേശങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിൽ ക്രിയാത്മകമായ പങ്ക് വഹിക്കുന്നവരുടെ ആഗോളതലത്തിൽ ഓരോ 10 വർഷവും കൂടുമ്പോൾ നടത്തുന്ന ഒത്തു ചേരലായ 'വേൾഡ് പാർക്ക് കോൺഗ്രസ്സ്-2014-ൽ' പങ്കെടുക്കാനും പ്രദേശത്തെ സംരക്ഷിത വന പ്രദേശങ്ങൾ സന്ദർശിക്കാനുമാണ് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ സിഡ്നിയിൽ പോയത്.

കണ്ടൽ വനമേഖലകളുടെ സംരക്ഷണം

290 (2165) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്ഥലങ്ങളിലെ കണ്ടൽ വനമേഖലകൾ സംരക്ഷിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) മാലിന്യ നിക്ഷേപത്തെ തുടർന്ന് കണ്ടൽ വനങ്ങളുടെ ജൈവ സമ്പന്നത നശിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ബോധവത്കരണ പദ്ധതിയിലൂടെ ഇത്തരം വനങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണ്ടൽ വനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് 2010-ൽ കണ്ടലുകൾ സംരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് ഒരു പദ്ധതി നടപ്പിലാക്കുകയും ആയതിന് സംസ്ഥാന സർക്കാർ 2010-11 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയും ആയതിന്റെ ഭാഗമായി തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാനത്തെ കണ്ടലുകൾ സംരക്ഷിക്കുന്നതിലേക്കായി സർക്കാരിന്റെ നിലവിലുള്ള (12-9-2013)-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 354/2013/വനം പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനുള്ള പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിലേക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽ പുനരുല്പാദനത്തിന് ധനസഹായം നൽകുക, പദ്ധതിക്കുവേണ്ടി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുവേണ്ടി കണ്ടൽ ഉടമകൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000 രൂപ പാരിതോഷികമായി നൽകുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തി വരുന്നുണ്ട്. കേരള പ്രൊമോഷൻ ടീ ഗ്രോത്ത് ആക്ട് 2005 സെക്ഷൻ 6 (3) പ്രകാരം കണ്ടൽ കാടുകൾ എല്ലാം വിജ്ഞാപനം ചെയ്ത മേഖലയാണ്. ആയതിനാൽ ഒരു ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള കണ്ടലുകളുടെ ഉടമകൾക്ക് മരം വെട്ടുന്നതിന് അതാത് സ്ഥലത്തെ അധികാരപ്പെടുത്തിയ ഓഫീസറുടെ അനുവാദം വാങ്ങേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

ഇടുക്കി-ഉടുമ്പന്നൂർ റോഡ് നിർമ്മാണം

291 (2166) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി-ഉടുമ്പന്നൂർ റോഡിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഭാഗത്തിന്റെ ദൈർഘ്യം എത്ര കിലോമീറ്ററാണെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസി മേഖലയായ പെരുങ്കാലാ, മണിയാറൻകുടി, വട്ടമേട്, കൈതപ്പാറ, മനയത്തടം പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊടുപുഴ ഭാഗത്തേക്ക് സഞ്ചരിക്കുന്നതിന് ഏറ്റവും ദൂരം കുറഞ്ഞ റോഡുമാർഗ്ഗമാണ് ഇതെന്ന് നിരീക്ഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;